# പെരുമഴക്കാലം




ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## എഡിറ്റോറിയൽ ബോർഡ്

അഭിജിത്

സ്നേഹ

വിദ്യ

രഹന

ഷന്നുജ

വിസ്മയ

രാഖി

ഗോപീകൃഷ്ണൻ

ലീന മോൾ

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം



കേരളം കണ്ട
അപ്രതീക്ഷിതവും അന്യാദൃശ്യവുമായ
പ്രളയത്തിൽ
ജീവൻ നഷ്ടപ്പെട്ട സഹോദരീസഹോദരങ്ങൾക്ക്
ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം,
രക്ഷാപ്രവർത്തനങ്ങളിൽ
ജാതിയും ,മതവും , പ്രായവും മറന്ന് കൈ കോർത്ത
സുമനസ്സുകൾക്ക്
തീർത്താൽ തീരാത്ത നന്ദിയും
അറിയിച്ചുകൊണ്ട് ഈ മാസിക അവർക്കു വേണ്ടി
സമർപ്പിക്കുന്നു.....

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | |
| പെയ്തൊഴിയാതെ | കഥ |
| കേരളം | കവിത |
| പ്രളയം നൽകിയ പാഠം | ലേഖനം |
| പൂക്കൾ | കവിത |
| രാജാവും രത്നവും | കഥ |
| മുക്കുറ്റി | കവിത |
| കടലിന്റെ നടുവിൽ പുനരാവിഷ്കാരം | കഥ |
| അമ്മയും അമ്മുവും കണക്കും | ഹാസ്യം |
| സാമൂഹ്യശാസ്ത്രക്ളബ്ബ് പ്രവർത്തനങ്ങൾ | വിവരണം |
| വിവിധ പ്രവർത്തനങ്ങൾ | ചിത്രങ്ങൾ |


ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം




വാണിയൻപാറ , കണ്ണമ്പ്ര , ഇളനാട് തുടങ്ങിയ പ്രദേശങ്ങളിലെ ജനവിഭാഗങ്ങൾ ആശ്രയിക്കുന്ന ഏക സർക്കാർ വിദ്യാലയമാണ് കല്ലിങ്ങൾപാടം ഹയർസെക്കന്ററി സ്കൂൾ. പ്രീ പ്രൈമറി തൊട്ട് ഹയർസെക്കന്ററി വരെ യുള്ളതാണ് ഈ വിദ്യാലയം









ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## ഞങ്ങളുടെ സാരഥികൾ.......







PTA പ്രസിഡന്റ്
ശ്രീ ബിജു

പ്രിൻസിപ്പാൾ
ശ്രീമതി ലളിത ടീച്ചർ

ഹെഡ് മിസ്ട്രസ്സ്
ശ്രീമതി മിനി ടീച്ചർ

ലിറ്റിൽ കൈറ്റ് ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ അവരുടെ പ്രവർത്തങ്ങളുടെ ഭാഗമായി തയ്യാറാക്കപ്പെടുന്ന സ്കൂൾ മാസിക ഐ.ടി. മേഖലയിൽ അവരുടെ മികവു തെളിയിക്കുന്ന തിനോടൊപ്പം തന്നെനമ്മുടെ സ്കൂളിലെ കുട്ടികളുടെ മികവുകളും ഡിജിറ്റൽ രൂപത്തിൽ രേഖ പ്പെടുത്തപ്പെടാൻ ഉതകുന്ന ഒരവസരമായി മാറട്ടെ എന്ന് ആശംസിക്കുന്നു

# പെരുമഴക്കാലം

ആദ്യഘട്ടത്തിൽ ഏഴാം ക്ളാസ്സ് വരെ മാത്രമുണ്ടായിരുന്ന വിദ്യാലയം പിന്നീട് RMSA
പദ്ധതിപ്രകാരം പത്താംക്ളാസ്സ് വരേയും പിന്നീട് ഹയർസെക്കന്ററിവരേയും ഉയർത്ത
പ്പെടുത്തുകയായിരുന്നു. 6 ബാച്ചുകൾ പിന്നിട്ട വിദ്യാലയം 3 തവണ 100% വിജയം കരസ്ഥ
മാക്കുകയുണ്ടായി. കളിസ്ഥലത്തിന്റെ അഭാവം ഈ സ്കൂളിന്റെ കായിക മുന്നേറ്റത്തിന് വിലങ്ങു
തടിയാണെങ്കിലും , പലതവണ ഉപജില്ലാതലത്തിൽ മികച്ചനേട്ടങ്ങൾ കൊയ്ത ചരിത്രം നമു
ക്കുണ്ട്. പുതിയ പ്ലസ് ടു കെട്ടിടം പൂർത്തിയാകുന്നതോടു കൂടി ഭൗതിക സാഹചര്യങ്ങളിൽ വൻ
കുതിപ്പാണ് ഉണ്ടാവാൻ പോകുന്നത്. ഇന്ന് പ്രൈമറി , ഹൈസ്കൂൾ വിഭാഗങ്ങളിലായി 600
കുട്ടികളും , ഹയർ സെക്കന്ററിയിൽ 230 ഉം ചേർന്ന് 830 നടുത്ത് വിദ്യാർത്ഥികൾ പഠിക്കു



ന്നുണ്ട് ഈ വിദ്യാലയത്തിൽ. ഓഫീസ്
ജീവനക്കാരുൾപ്പെടെ എകദേശം 40 ഓളം
ജീവനക്കാരും സേവനമനുഷ്ഠിക്കുന്നു.
ശക്തവും പ്രവർത്തനനിരതവുമായ
ഒരു പി.ടി.എ ആണ് ഈ സ്കൂളിന്റെ
മുതൽക്കൂട്ട്. അതോടൊപ്പം സൂചിപ്പിക്കേണ്ട
ഒരു സാഹചര്യം എന്തെന്നാൽ വാണിയൻപാറ കണ്ണമ്പ്ര ഇളനാട് റൂട്ടുകളിൽ നിലനിൽക്കുന്ന
ഗുരുതരമായ യാത്രാപ്രശ്നം ഈ വിദ്യാലയത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന
തരത്തിൽ വളർന്നിരിക്കുന്നു എന്നതാണ്.

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## *പെയ്തൊഴിയാതെ*

*മഴക്കാറും, ഇടിമിന്നലും നന്നായിട്ടുണ്ട്. കാറ്റ് അതിലേറെ. ഇറയത്ത് നിൽക്കാൻ പറ്റില്ല. ഞാൻ മഴയുടെ ഭംഗിയെ ഏറെ നേരം മുറിയിൽ ഇരുന്ന് കണ്ടു. എന്റെ മനസ്സു- നിറയെ മഴയാണ്. മുറ്റത്ത് കുറേ ആളുകൾ മഴയിൽ എന്തോ ചെയ്യുന്നുണ്ട്. മുറിയുടെ വാതിൽ ഞാൻ മെല്ലെ തുറന്നു. പുറത്തു- കടന്നതും ഓടിൻ ഇടയിലൂടെ ഒരു തുള്ളി എന്റെ കയ്യിൽ വീണു. ആരേയും ഉള്ളിൽ കാണാനില്ല. ഞാൻ ആരും കാണാതെ ഇറയത്തിന്റെ വാതിൽ തുറന്നുപുറത്തിറങ്ങി. ഇറങ്ങിയ ഉടനെ എന്റെ ദേഹ മെല്ലാം നനഞ്ഞു. പടികൾക്ക് നല്ല വഴുക്കവുണ്ട്. അപ്പോഴാണ് അനൻ അമ്മ പറഞ്ഞത് ഓർത്തത് . വഴുക്കലുള്ളിടത്ത്പോ വരുത്, കാലുതെന്നി വീണെന്നുവരാം. ഒരു ചെറിയ കണ്ണീർ എന്റെ കണ്ണിൽ നിന്നു വീണു. നനഞ്ഞതു കൊണ്ട്ആരും മനസ്സിലാക്കിയില്ല. പടിയിൽ ചവിട്ടുന്നതിനുമുമ്പ് ചേച്ചിയുടെവിളി. ഞാൻ കാലു തിരിചെടുത്തു. " ഉണ്ണീ ഇങ്ങുവാ അഛൻ വിളിക്കുന്നുണ്ട്". ചേച്ചി പറഞ്ഞിട്ട് കേറിപ്പോയി. ഞാൻ നനഞ്ഞഇടമെല്ലാം ഒന്നു തുടച്ചിട്ട് വീടിനകത്തേക്ക് കേറി. ഉണ്ണീ നാളെ എന്റെക്കൂടെ ഒരിടം നരെവരേണ്ടി വരും. ഞാൻ സമ്മതം മൂളി. അമ്മയെ ഇനി കാണാൻ സാധിക്കുകയില്ല എന്ന വിഷമം എന്റെ മനസ്സിനുള്ളിലേക്ക് മിന്നി. ഞാൻ ഒന്നു മിണ്ടാതെ മുറിയിലേക്ക്തന്നെ തിരിച്ചു കയറി. കയറി യപ്പോഴും ഒരു തുള്ളി വെള്ളം എന്റെ കയ്യിൽ വീണിരുന്നു. ചന്ദതിരിയുടെ മണം എങ്ങനെയോ എന്റെ മൂക്കിലേക്ക് അറിയാതെ കേറി, ഞാൻ മൂക്കു പൊത്തി. എന്റെ അമ്മയുടെ ആത്മാവ് എന്നും സന്തോഷ മായി ഇരിക്കണമെന്ന്പ്രാർത്ഥിച്ചുക്കൊണ്ട് ഞാൻ വീണ്ടും പുറത്തേക്ക് നോക്കി. മഴ മാറി. ഇടിമ്മിന്നലും മാറി. ഒരു ചെറിയ സൂര്യവെളിച്ചം എന്റെ ജനാലയുടെ ഇഴകളിൽ എന്റെ കൈകളിലേക്ക് വന്നു. ആ സൂര്യവെളിച്ചത്തിന്റെ സ്പർശം ഒരു മൃദുലമായി എന്റെ കൈകളിൽ വന്നതുപോലെ തോന്നി. അത് അമ്മയുടെ സ്പർശമായിരുന്നോ? അറിയില്ല. ഞാൻ സൂര്യനെ നോക്കാൻ ശ്രമിച്ചു, നല്ല വെളിച്ചമുണ്ട്. കണ്ണുകൾക്കൊണ്ട് നോക്കാൻ പറ്റുന്നില്ല. ഞാൻ വീണ്ടും കട്ടിലിലേക്ക് മുഖം പൂഴ്ത്തി. ഞാനറിയാതെ ഞാൻ കരയുകയാണ്..... രസിക എം. ഐ IX.A*

**ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം**

## കേരളം

കേരളം
ഇത്   കേരളം
ദൈവത്തിൻ   നാട്.
പച്ചവിരിച്ച്   നിൽക്കുന്ന നാട്.
പല  പല  പൂക്കൾനിറഞ്ഞൊരു  നാട്.
പർവ്വതങ്ങൾ  നിറഞ്ഞൊരു നാട്.
മനുഷ്യത്യത്തിൻ  ഉറവിടനാട്
തെങ്ങുകൾ   നിറഞ്ഞൊരു ചെറു നാട്.
സ്നേഹം കൊണ്ടൊരുവലുനാട്.
മനസ്സുകൾ പരസ്പരം അറിയുന്ന നാട്.
മതസൗഹ്രദത്തിനൊത്തൊരു നാട്.
ദു:ഖവും സന്തോഷവും
കലർന്നൊരു  നാട്.
വേർപാടിൻ  നൊമ്പരം
അറിയുന്ന നാട്.
മനുഷ്യരും  ജീവികളും  വാഴുന്ന നാട്.
ഈശ്വരന്  തുല്യമായ  നാട്.
ഇത്  ദൈവത്തിൻ  നാട്.
ഇത്  ദൈവത്തിൻ  നാട്
ഇത്  ദൈവത്തിൻ  നാട്
കേരളം.....
കേരളം.

RAGHI-9B

# പെരുമഴക്കാലം

## പ്രളയം നൽകിയ പാഠം

ഈ വർഷം ആഗസ്റ്റ് മാസത്തിൽ വലിയൊരു പ്രളയത്തിന് കേരളക്കര സാക്ഷിയായി മഹാമാരികൾമൂലം കേരളത്തിലെ ജില്ലകളെല്ലാം വെള്ളത്തിൽമുങ്ങി.ഒട്ടേറെ പേർക്ക് തങ്ങളുടെ എല്ലാംനഷ്ടപ്പെട്ടു.ഒരാഴ്ചയിൽ കൂടുതൽ നിലനിന്ന ഈ പ്രളയം മലയാളികളെ കണ്ണീരിലാഴ്ത്തി.എങ്കിലും എല്ലാവരുടേയുംഒറ്റക്കെട്ടായ പ്രവർത്തനത്തിലൂടെ ഈ ദുരിതത്തെ നാം അതിജീവിച്ചു.തെക്ക പടിഞ്ഞാറൻ മൺസൂൺ കാലത്ത് അന്തരീക്ഷ ത്തിലുണ്ടായ മേഘവിസ്ഫോടനങ്ങളും വെള്ളം നിറഞ്ഞ ഡാമുകൾ യഥാസമയം തുറന്ന വിടാത്തതുമെല്ലാം






ഈ പ്രളയത്തിന് കാരണങ്ങളിൽ ചുരുക്കം ചിലതുമാത്രം.എന്നാൽ ഈ പ്രളയത്തെ തുടർന്ന് കേരളത്തിലെ പ്രധാന ഡാമുകളുടെ ഷട്ടറുകളെല്ലാം തുറന്നു. 200-ൽ ലധികം മനുഷ്യജീവനുകളും ഈ ദുരിതംഅപഹരിച്ചു.മനുഷ്യൻ മാത്രമല്ല അനേകം ജീവികളും പ്രത്യേകിച്ച് കന്നു കാലികളുംനശിച്ചു.റോഡുകളും പാലങ്ങളും കെട്ടിടങ്ങളുമെല്ലാം താറുമാറായി.അനേകം നാശനഷ്ടങ്ങൾക്ക് ജലപ്രളയം വഴിതെളിച്ചു. തൊണ്ണൂറ്റിയെട്ടിലെ വെള്ളപ്പൊക്കത്തിന് ശേഷം കേരളം കണ്ട ഏറ്റവും ഭീകരമായ ജലപ്രളയ മായിരുന്നു ഇത്.ജാതി,മത,വർഗ,വർണ ഭേദമില്ലാതെ ഏവരും ഒന്നിച്ചുനിന്നു കൊണ്ട് നടത്തിയ രക്ഷാപ്രവർത്തന ത്തിലൂടെയാണ് ഏവരും ഈ ദുരിതത്തെ അതിജീവിച്ചത്.കരസേനയും

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

വ്യോമസേനയും നാവികസേനയും എന്തിനു പറയുന്ന മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തനത്തിൽപങ്കാളികളായി.ഒട്ടേറെ പേർ ദുരിതാശ്വാസ ക്യാമ്പുകളിലായി. ആളുകളെ സഹായി ക്കാനായി കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഏവരും ഹസ്തവുമായെത്തി.ഒട്ടേറെ പേർ ഉദാരമായി സംഭാവനനൽകി.രക്ഷാപ്രവർത്തനങ്ങളുടെ വേറിട്ട മുഖങ്ങൾ സമൂഹ മാധ്യമ ങ്ങളിലൂടെ നാം ദർശിച്ചു.മനുഷ്യന്റെ ചെയ്തികൾക്ക് പ്രകൃതി നൽകിയ ചുട്ട മറുപടിയാണ് ഈ പ്രളയം.പാടങ്ങൾ നികത്തി  കെട്ടിട സമുച്ചയങ്ങൾ പടുത്തുയർത്തിയും






അശാസ്ത്രീയമായി ഭൂവിനിയോഗം നടത്തിയും മറ്റും മനുഷ്യർ ഭൂമിയെ ചൂഷണം ചെയ്തു. പുഴകളിൽ നിന്ന് അടിഞ്ഞുകൂടിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പുറത്ത് വന്നത് ഇതിന് ഉദാഹരണമാണ്.ഭൂമിയെ ചൂഷണം ചെയ്താൽ അതു നമ്മുടെ നാശത്തിനു തന്നെ വഴി തെളിക്കും അതാണ് നാം ഇതിൽ നിന്നും  പഠിച്ച പാഠം.ദുരിതത്തിനു ശേഷം നമ്മുടെ നാട് ഒരു ഫിനിക്സ് പക്ഷിയെ പോലെ ചിറകടിച്ചുയർന്നു.എല്ലാം നഷ്ടപ്പെട്ട് ഒന്നു മില്ലാതായി തീർന്നവർക്ക് താങ്ങും തണലുമായി മറ്റുള്ളവർ എത്തി. പ്രളയമുഖത്തിന് ദുരിതങ്ങൾ മാത്രമല്ല സ്നേഹവും ദർശിക്കാൻ സാധിച്ചു പ്രകൃതി നൽകിയ ഈ മറുപടിയിലൂടെയെങ്കിലും മനുഷ്യർ പാഠം പഠിച്ചാൽ മതി.

ക്ലെയർ മരിയ ആന്റണി X A

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## പൂക്കൾ



*പൂവേ  പൂവേ  കൊഴിയല്ലേ*

*പൂന്തെന്നലുവന്നു  വിളിച്ചാൽ  പോവല്ലേ*

*പുലരിപുതുമഴയിൽ  ഇതളു  പൊഴിയ്ക്കല്ലേ*

*ഒരിതളും നീ.....പൊഴിയ്ക്കല്ലേ.....പൂവേ*

*പുതുമണ്ണിനു  ചൂടാനൊരു  പൂവിതളും  നൽകല്ലേ*

*ഈറൻ  മുടിയിൽ  ചൂടാനൊരു  പൂവിതളും  നൽകല്ലേ*

*വെള്ളിനിലാവിലലിഞ്ഞി  പുഞ്ചിരി  മായ്ക്കല്ലേ*


*പൂവണ്ടിൻ  പ്രണയം  പൊള്ളാണേ*

*നിന്നോടുള്ള പൂവണ്ടിൻ  പ്രണയം  പൊള്ളാണേ*

*അത്  പൂന്തേനുണ്ണാനയുപതാണേ*

*പൂവേനിന്നെ  കാണാനെന്നും  കൊതിയാണേ*

*എനിക്കു നിന്നെ കാണാനെന്നും  കൊതിയാണേ.*



**Alona.MS 6B**

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## രാജാവും രത്നവും

പണ്ട് ഒരു നാട്ടിൽ രാജാവും അദ്ദേഹത്തിന്റെ രണ്ടു മക്കളും താമസിച്ചിരുന്നു. അങ്ങനെയിരിക്കെ രാജാവിന് പ്രായമായി, അടുത്ത രാജാവിനെ തിരഞ്ഞെ ടുക്കേണ്ട സമയമായി. ഒരു ദിവസം രാജാവിന്റെ രണ്ടു മക്കളെയും വിളിച്ചുപറഞ്ഞു. "രാജാവിന്റെ രത്നമാല കാണാനില്ല. ആ മാല രണ്ടു ദിവസത്തിനകം കണ്ടുപിടിച്ചു വരുന്നവരായിരിക്കും അടുത്ത രാജാവ്."അങ്ങനെ രണ്ടു പേരു യാത്രതിരിച്ചു. രണ്ടു ദിവസം കഴിഞ്ഞ് അവർ തിരിച്ചെത്തി. രാജാവ് അവരോട് ചോദിച്ചു. "ആ മാല കിട്ടിയോ?" അപ്പോൾ രാജാവിന്റെ രണ്ടാമത്തെ മകൻ പറഞ്ഞു. "ഞാൻ ഈ നാടുമുഴുവൻ നടന്നു അച്ഛാ ആമാല എനിക്ക് കിട്ടിയില്ല." അപ്പോൾ വലിയ മകൻ പറഞ്ഞു. "മാല എനിക്ക് കിട്ടി." രാജാവ് പ്രജകളോടായി പറഞ്ഞു. "ഞാൻ പുതിയ രാജാവിനെ തിരഞ്ഞെടുത്തു കഴിഞ്ഞു. "എന്റെ രണ്ടാമത്തെ മകനാണ് പുതിയ രാജാവ്." എല്ലാവരും അന്തം വിട്ടു. രാജാവ് ചിരിച്ചുകൊണ്ട് പറഞ്ഞു. "മാല എവിടേയും പോയിട്ടില്ല. എന്റെ കൈയിൽ തന്നെ ഉണ്ട്." രാജാവ് തന്റെ വലിയ മകനോടായി പറഞ്ഞു. "നിനക്ക് മാല കിട്ടാതെ വന്നപ്പോൾ നീ വേഗം പോയി പുതിയത് ഉണ്ടാക്കിക്കൊണ്ടുവന്നു, എന്നാൽ അവൻ തനിക്ക് അത് ലഭിച്ചില്ല എന്ന സത്യം പറഞ്ഞു. ഇതാണ് എനിക്ക് അവനെ രാജാവാക്കാനുള്ള വിശ്വാസം തന്നത്."

അത്യഗ്രഹം പാടില്ല

*Aadhima.S.Dravid*

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

**<u>മുക്കുറ്റി</u>**

മുറ്റത്തുണ്ടൊരു മുക്കുറ്റി
മഞ്ഞനിറമുള്ള മുക്കുറ്റി
കാറ്റത്താടും മുക്കുറ്റി
പൂക്കൾ നിറഞ്ഞൊരു മുക്കുറ്റി





എന്റെ കൂടെ കളിക്കാമോ ?
മഴ വന്നാൽ സന്തോഷം
വെയിലു വന്നാൽ തളർന്നുനിൽക്കും
സുന്ദരിയായ മുക്കുറ്റി.
എന്റെ സ്വന്തം മുക്കുറ്റി.

**RUTH ELDHO**

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## കടലിനുനടുവിൽ സുഹൃത്തായി

പണ്ട് അമേരിക്കയിലേക്ക് വന്നതാണ് മാർടിയും അദ്ദേഹത്തിന്റെ ഭാര്യ മോളിയും. അവർക്ക് ഒരു മകനുമുണ്ട് പേര് ടോമി. കുറച്ച കാലങ്ങൾ കഴിഞ്ഞപ്പോൾ മാർടിയും മോളിയും മരിച്ചു. ടോമി വലുതായി. അവൻ ലണ്ടനിലുള്ള അവന്റെ ആന്റിയുടെ അടുത്ത് പോകുവാൻ തീരുമാനിച്ചു. അമേരിക്കയിലെ മാൻട്ഗോമരി എന്ന സ്ഥലത്ത് മറ്റൊരു കുടുംബം താമസിച്ചിരുന്നു.ജെയ്ംസും ഭാര്യ ആനിസും അവരുടെ മകനായ ജാക്കും. അവർ അമേരിക്കയിലേക്ക് നാട്ടുവിട്ടുവന്നതാണ്. അവരുടെ നാട് ലണ്ടനിലാണ്. അവർ രണ്ടുപേരും ലണ്ടനിലേക്ക് പോകുന്നത് ഒരേ കപ്പലിലാണ്.



നാളെയാണ് അവർക്ക് പോക്കേണ്ട കപ്പൽ വരുക. ജാക്കും ടോമിയും തന്റെ സാധനങ്ങൾ പെട്ടിയിലാക്കി . പിറ്റേ ദിവസം അവർ കപ്പലിനടുത്തു വന്ന് കാർഡു കാണിച്ചു അകത്തു കയറി. അവർ അവരുടെ മുറിയിൽ ചെന്ന് വസ്ത്രങ്ങൾ മാറ്റി. അവർ കപ്പലിനകത്തുള്ള ഭക്ഷണം കഴിക്കുന്ന മുറിയിലേക്ക് വന്നു. അവിടെ അവർ രണ്ടു പേരും ഓഡർ ചെയ്യ്തിരുന്നത് ഒരു ലെമൺ ജ്യൂസായിരുന്നു. അവിടെയുള്ള ആൾ സാർ എന്നു വിളിച്ചപ്പോൾ അവർ രണ്ടുപേരും ഒരുമിത്ത് തിരിഞ്ഞുനോക്കി. അവർ അത് വാങ്ങുവാൻ പോയി പക്ഷെ വാങ്ങിയില്ല. അവർ അവിടെ വച്ച് പരിജയപ്പെട്ടു. ടോമിക്ക് അച്ഛനും അമ്മയും ഇല്ല എന്ന് അറിഞ്ഞപ്പോൾ ജാക്കിന് വളരെയധികം സങ്കടമായി. അവർ പരസ്പരം അവരുടെ കാര്യങ്ങൾ പറഞ്ഞു ക്കൊണ്ടിരുന്നു. അന്നാണ് അവർ രണ്ടുപേരുടെ മുഖത്തും സന്തോഷം കണ്ടത്.

ജാക്കിന്റെ അച്ഛനും അമ്മക്കും ടോമിയെ ഇഷ്ടമല്ലായിരുന്നു. എന്തു കാരണത്താലാണ് നിങ്ങൾക്ക് ടോമിയെ ഇഷ്ടമല്ലാത്തത് എന്ന് ജാക്ക് തന്റെ മാതാപിതാകളോട് ചോദിച്ചു. അവർ മറുപടി പറഞ്ഞു. “അവന് അച്ഛനും അമ്മയും ഇല്ല അതുക്കൊണ്ട് നീ അവന്റെ കൂടെ നടന്നാൽ നീയും ചീത്തയാകും.” അപ്പോൾ ജാക്ക് പറഞ്ഞു.“നിങ്ങളുടെ ചിന്തയാണ് എന്നെ

# പെരുമഴക്കാലം

ചീത്തയാക്കുന്നത്.” ഇതെല്ലാം കേട്ടുകൊണ്ട് ടോമി വന്നു. ടോമി ജാക്കിനോട് പറഞ്ഞു. “നിന്റെ അച്ഛനും അമ്മയ്ക്കും നീ എന്റെ കൂടെ നടക്കുന്നത് ഇഷ്ടമല്ല. അതുകൊണ്ട് തന്നെ നീ എന്റെ കൂടെ നടക്കേണ്ട.” ജാക്ക് പറഞ്ഞു. “രാവിലെ കൂട്ടുകൂടി രാത്രി പിരിയുന്നതല്ല സുഹൃത്തുക്കൾ. ഞാൻ നിന്റെ സുഹൃത്താവാനാണ് നിന്നോട് കൂട്ടുകൂടിയത്. അതുകൊണ്ട് തന്നെ നമ്മൾ ഒരിക്കലും പിരിയില്ല.” അങ്ങനെ ആ ദിവസം കഴിഞ്ഞു. പിറ്റേ ദിവസം അവർ ഒരുമിച്ച് ഭക്ഷണം കഴിഞ്ഞ് അവരുടെ കൂടെ വന്ന ഒരു ചിത്ര രചനക്കാരനെ കൊണ്ട് ഒരു സ്റ്റീൽ പ്ലെയ്റ്റിൽ അവരുടെ ചിത്രം വരപ്പിച്ചു.



കുറച്ചുകഴിഞ്ഞപ്പോൾ കപ്പലിനുപ്പുറത്തുള്ളവർ അകത്തേക്ക് കയറി. മഞ്ഞിന്റെ മലനിര കൾക്കിടയിലൂടെ പോകു മ്പോൾഅവിടെ കപ്പൽ തട്ടി കപ്പലിന്റെ അടി ഭാഗം തകർന്നു. കപ്പലിന്റെ എഞ്ചിൻ ശബ്ദം നിന്നു. അടിയിലൂടെ പതുക്കെ പതുക്കെ വെള്ളം കയറിത്തുടങ്ങി. അതിലുള്ള പോലീസുകാർ എല്ലാവരേയും മുകളിലേക്കും പുറത്തേക്കും കൊണ്ടുവന്നു. അവർക്ക് ലൈഫ് ജാക്കറ്റുകൾ കൊടുത്തു. കടലിന്റെ നടുവിൽ വെച്ചായിരുന്നു ഇത് സംഭവിച്ചത്.

കപ്പൽ മെല്ലെ മെല്ലെ ചെരിഞ്ഞുതുടങ്ങി. അപ്പോഴേക്കും രക്ഷക്കായി പല ബോട്ടുകളും അവിടേക്കെത്തി. അവർ രണ്ടുപേരും രണ്ടു ബോട്ടുകളിലായി കയറിപ്പോയി. പിന്നീട് അവർ തമ്മിൽ കണ്ടുമുട്ടിയിട്ടില്ല. വർഷങ്ങൾക്കു ശേഷം ഒരു ഹിസ്റ്ററി കണ്ടുപിടുത്തക്കാർ ഇവരുടെ സ്റ്റീൽ പ്ലെയ്റ്റിൽ വരച്ച ചിത്രം കണ്ട് ടി വിയിൽ പ്രദർഷിപ്പിച്ചു. ജാക്കിത് ഇറ്റലിയിൽ ഇരുന്നുകൊണ്ട് കണ്ടു അങ്ങനെ അവൻ ലണ്ടനി ലെത്തു കയും ടോമിയെ കണ്ടുപ്പിടിക്കുകയും ചെയ്തു. അങ്ങനെ അവർ ലോകമറിയുന്ന നക്ഷത്ര ങ്ങളായി മാറി. അവർ ഒരുമിച്ച് ലണ്ടനിൽ തന്നെജീവിച്ചു. അവരുടെ ആ ചിത്രം തലമുറകൾ പിന്നിട്ടു.

**Hadhiya.K.H VI A**

# പെരുമഴക്കാലം

## അമ്മയും അമ്മുവും കണക്കും

അമ്മു : അമ്മേ എനിക്ക് കണക്ക് ഇഷ്ടപ്പെടുന്നില്ലാട്ടോ.....

അമ്മ : എന്താ മോളെ ഇഷ്ടപ്പെടാത്തത് ?

അമ്മു : അമ്മേ മിലിഞ്ഞാന്ന് സാർ പറഞ്ഞു
ഏഴും മൂന്നും പത്താണെന്ന്.
ഇന്നലെ പറയുകയാണ് അഞ്ചും അഞ്ചും പത്തെന്ന്.
ഇന്ന് പറയുകയാണ് എട്ടും രണ്ടുമാണ് പത്തെന്ന് ....
ഇതാണ് എനിക്ക് കണക്ക് ഇഷ്ടമല്ലാത്തത്.....
സാറിനേ ഉറപ്പില്ല.......

അമ്മ : ങ്ങേ!.....

സമ്പാധക : പവിത്ര 7A

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## സാമൂഹ്യശാസ്ത്രക്ളബ്ബ് പ്രവർത്തനങ്ങൾ

### ജനുവരി 25 : ദേശിയ സമ്മതിദായക , റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾ

**ആനുകാലിക ദിനപത്ര ക്വിസ്സ്. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ അടിസ്ഥാന പ്രദർശനം. റിപ്പബ്ലിക്ക് ദിനത്തിൽ - ദേശിയഗാന മത്സരം, ലഘുനാടകം, വിവിധ കലാപരിപാടികൾ, മധുരം വിതരണം, പ്രസംഗം എന്നി പ്രവർത്തനങ്ങൾ ചെയ്യുകയുണ്ടായി.പി.ടി.എ പ്രസിഡന്റ്, എച്ച്.എം എന്നിവർ സന്ദേശം നൽകുകയും ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ ലളിത ടീച്ചർ ദേശീയ പതാക ഉയർത്തുകയും സന്ദേശം കൈമാറുകയും ചെയ്യ്തു.**

### പ്രകൃതിദത്ത ശീതളപാനീയ വിതരണം

**കല്ലിങ്കൽപാടം വേലയോടനുബന്ധിച്ച് പ്രകൃതിദത്ത ശീതളപാനീയ വിതരണം നടത്തി. തണ്ണിമത്തൻ ഉപയോഗിച്ചുള്ള പാനീയ വിതരണം ബഹുമാനപ്പെട്ട പി.ടി.എ പ്രിസിഡന്റ് ഉദ്ഘാടനം ചെയ്യുകയും നിരവധിപേർ എത്തിച്ചേരുകയും ചെയ്തു. രാസ മാലിന്യങ്ങൾ നിറഞ്ഞപാനിയങ്ങൾഉപയോഗിക്കുന്നവരിൽ ഒരു പുതിയ അവബോധം സൃഷ്ടിക്കുകയുണ്ടായി.**

### ജൂൺ -5 പരിസ്ഥിതി ദിനാഘോഷം

**എല്ലാ വിദ്യാർത്ഥികൾക്കും വൃക്ഷതൈ വിതരണംനടത്തി.ബഹുമാനപ്പെട്ട കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ടി രജിമോൻ ഉദ്ഘാടനം ചെയ്തു.P.T.A പ്രസിഡന്റ്, പ്രിൻസിപ്പാൾ,എച്ച്.എം എന്നിവർ പരിസ്ഥിതി ദിന സന്ദേശംനൽകുകയുണ്ടായി.കുട്ടികളുടെ പരിസ്ഥിതി ദിന പ്രസഗംങ്ങൾ,ചാർട്ടുനിർമ്മാണം,പ്ലക്കാർഡ്,ബാഡ്ജ് എന്നിവ തയ്യാറാക്കി.**

### ആഗസ്റ്റ -15:സ്വാതന്ത്ര്യദിനാഘോഷം

**പ്രളയകെടുതി മൂലം ആഘോഷം ഇല്ലെങ്കിലും ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ,H.M എന്നിവർ ചേർന്ന് ദേശീയ പതാക ഉയർത്തുകയുണ്ടായി.P.T.A പ്രസിഡന്റ് സന്ദശം കൈമാറുകയുംചെയ്തു.പിന്നീട് കുട്ടികളുടെ ദേശഭക്തിഗാനം,പ്രസംഗം എന്നിവ നടത്തി.**

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## ആയിരം സാന്ത്വനം

ദൈവം പരീക്ഷിപ്പൂ നമ്മെ
പ്രളയദുരന്തം തന്ന  അതിൽ സർവരുമുണ്ട്
പ്രകൃതിതൻ ദുരന്തത്തിൽ നഷ്ടപ്പെട്ടു പല ജീവനും
മണ്ണോടു ചേർന്നു കിടക്കുന്നു , നാമോർത്തില്ലയേതൊന്നും
ഇനി ഓർക്കേണ്ട പഴയതൊന്നും,



ഓർത്തിട്ടെന്നാൽ കര്യവുമില്ല
സോദരെ ഉണരൂ നമുക്കൊന്നായ്
പണിഉയർത്താം ആശ്വസത്തിൻ
ആയിരം കവാടങ്ങൾ
പ്രളയത്തിന്നോർമ്മകൾ തുടച്ചുമാറ്റാം
അല്ലയോ മനുജാ , പ്രകൃതിയാം അമ്മ
കനിഞ്ഞുനല്കിയ
മഴയെ നാമൊരിക്കലും പഴിചാരരുതെ

തളരരുതെ സോദരാ ,    നമുക്കൊരുമിക്കാം
നല്ലൊരു നാളെക്കായ് കൈകോർത്തിടാം
പ്രർത്ഥിക്കം ദൈവത്തൊട്, ഇരക്കാം മനുഷ്യരോട്,
ആശ്വാസത്തിന്നായിരം കവാടങ്ങളായിമാറിടാം.

Rubeena.S +2 science


ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

## വിവിധ പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ












ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം

സംസ്ഥാന
യോഗ
ചാമ്പ്യൻഷിപ്പിൽ
ഒന്നാം സ്ഥാനം
നേടിയ
അബിൻ മുരളി(+1)യുടെ
പ്രകടനം







ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം









ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം













ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം











ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം













ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം


# പെരുമഴക്കാലം











ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം











ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം

# പെരുമഴക്കാലം



2019

KALLINGALPADAM

ജി.എച്ച്.എച്ച്.എസ്.കല്ലിങ്കൽപാടം